**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5446. 06.07.2012-ൽ മറുപടിയ്ക്ക്**

**108 ആംബുലൻസിന്റെ അറ്റകുറ്റപ്പണി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | 108 ആംബുലൻസിന്റെ അറ്റകുറ്റപ്പണിക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻ. ആർ. എച്ച്. എം.) ൽ ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വേണ്ടത്ര എൻജിനീയർമാർ ഇല്ലാത്തതിനാൽ 108 ആംബുലൻസിന്റെ അറ്റകുറ്റപ്പണി ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിനായി കേരള എമർജൻസി മെഡിക്കൽ പ്രോജക്ട് (കെ.ഇ.എം.പി) ന്റെ മാനേജിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു പ്രിവന്റീവ് മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കുകയും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഫ്ളീറ്റ് മാനേജ്മെന്റ് വിഭാഗം ഷെഡ്യൂൾ പ്രകാരം എല്ലാ മാസവും പ്രസ്തുത വാഹനങ്ങൾ പരിശോധിച്ച് അറ്റകുറ്റപ്പണികൾ തീർത്ത് കാര്യക്ഷമത ഉറപ്പു വരുത്തുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ? | | |

B.V.Kumar
**സെക്ഷൻ ഓഫീസർ**